**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2944** **13-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് വേതനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പ്രകൃതിക്ഷോഭങ്ങൾ സംബന്ധിച്ചും മറ്റുമുള്ള സർക്കാർ മുന്നറിയിപ്പുകൾമൂലം മത്സ്യബന്ധനത്തിനുപോകാൻ സാധിക്കാത്ത ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് വേതനസഹായം അനുവദിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (എ) | പ്രകൃതിക്ഷോഭങ്ങൾ സംബന്ധിച്ച് ദുരന്തനിവാരണ വകുപ്പിന്റെ കാലാവസ്ഥ മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിലും കോവിഡ്-19 മഹാമാരി പ്രകാരമുള്ള ലോക്ഡൌൺ മൂലവും തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് SDRF പ്രകാരം 31.126 കോടി രൂപയും CMDRF പ്രകാരം 5 കോടി രൂപയും ഉൾപ്പെടെ ആകെ 36.126 കോടി രൂപ ധനസഹായമായി വിതരണം നടത്തിയിട്ടുണ്ട്. കടലിൽ മത്സ്യബന്ധനത്തിന് ഏർപ്പെട്ടിരുന്ന തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 2000/- രൂപ വീതവും കോവിഡ് 19 മൂലം തൊഴിൽ നഷ്ടപ്പെട്ട ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2000/- രൂപ വീതവും അനുബന്ധ വിഭാഗങ്ങൾക്ക് 1000/- രൂപ വീതവും ധനസഹായം നൽകിയിട്ടുണ്ട്. 2,07,104 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഈ സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ട്. ടൗട്ടെ ചുഴലിക്കാറ്റിന്റെ തീവ്രതയിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയ ആറു ദിവസത്തേക്ക് ധനസഹായം തിട്ടപ്പെടുത്തി ഒരു കുടുംബത്തിന് 1200 രൂപ വീതം നൽകുന്നതിന് 18.36 കോടി രൂപ അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. പ്രസ്തുത ധനസഹായം 1,24,970 കടൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും 28,070 അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്കും ലഭ്യമായിട്ടുണ്ട് കോവിഡിന്റെ രണ്ടാം വരവിനോടനുബന്ധിച്ച് മൽസ്യബന്ധന നിയന്ത്രണം ഏർപ്പെടുത്തിയിരുന്നില്ലെങ്കിലും ചുഴലിക്കാറ്റിന്റെ പ്രഭാവത്തിൽ മൽസ്യബന്ധനം നടത്തുന്നതിന് വിലക്കേർപ്പെടുത്തിയതിനാൽ അവരുടെ ജീവനോപാധി നഷ്ടപെട്ട സാഹചര്യത്തിൽ കടൽ, ഉൾനാടൻ, അനുബന്ധം തുടങ്ങി എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും അരി, പയർ വർഗ്ഗങ്ങൾ, പലവ്യഞ്ജന സാധനങ്ങൾ സോപ്പ്, |

| | | | |
|---|---|---|---|
| | | | മാസ്ക്, sanitizer തുടങ്ങിയ 20 ഇനങ്ങൾ അടങ്ങിയ കിറ്റ് റേഷൻ കടകൾ വഴി വിതരണം ചെയ്തിട്ടുണ്ട്. 1,22,377 കുടുംബങ്ങൾക്ക് പ്രസ്തുത ഭക്ഷ്യകിറ്റ് വിതരണം നടത്തിയിട്ടുണ്ട്. മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 2,40,211 മത്സ്യതൊഴിലാളികൾക്കും 84,531 അനുബന്ധ തൊഴിലാളികൾക്കും 1000 രൂപ നിരക്കിൽ നൽകുന്നതിനായി 32.47 കോടി രൂപ ക്ഷേമനിധി ബോർഡ് മുഖാന്തിരം മത്സ്യതൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും അനുവദിച്ച് നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം സമ്പാദ്യ സമാശ്വാസ പദ്ധതി (2020-21) പ്രകാരം മറൈൻ ഗുണഭോക്താക്കൾക്ക് മെയ്, ജൂൺ മാസങ്ങളിലായി പദ്ധതിയുടെ ഒന്നും രണ്ടും ഗഡുക്കളും ഉൾനാടൻ ഗുണഭോക്താക്കൾക്ക് ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലായി പദ്ധതിയുടെ ഒന്നും രണ്ടും ഗഡുക്കളും വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ